ഇക്കഴിഞ്ഞ ടാലന്റഡ് ബാങ്കേഴ്സ് തിരുവനന്തപുരം ചാപ്റ്റർ മീറ്റ് വേദിയാണ് രംഗം. മധുരമനോഹര വീചികൾ ആയി കൈതപ്രത്തിന്റെ വരികൾക്ക് രവീന്ദ്രൻ മാഷ് ഈണം നൽകിയ "സുമൂഹൂർത്തമായി" എന്ന ഗാനവുമായി സദസ്സിനെ ഒന്നാകെ കയ്യിലെടുത്ത ആ യുവ ബാങ്കറുടെ മാസ്മരിക ശബ്ദം ആലപ്പുഴ മെഗാ മീറ്റിലും മന്ത്ര മധുരമായി ഏവരുടെയും ഹൃദയ മുരളിക കീഴടക്കി. അതും ഗിരീഷ് പുത്തഞ്ചേരിയുടെ വരികൾക്ക് രവീന്ദ്രൻ മാഷ് ഈണമിട്ട "ഹരി മുരളീരവം" എന്ന ഗാനത്തിലൂടെ. സംഗീതം ഹൃദയത്തിൽ അലിഞ്ഞ, ശ്രോതാക്കളെ തന്റെ ഗാനങ്ങളുടെ മാസ്മരികതയിൽ അലിയിക്കുന്ന ഗാന ഗന്ധർവനായ ആ യുവ ബാങ്കർ ആകട്ടെ ഈ ആഴ്ചയിലെ ദളം.

അഭിലാഷ് S P
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
പാങ്ങോട്, തിരുവനന്തപുരം.

മൃഗ സംരക്ഷണ വകുപ്പിൽ നിന്നും വിരമിച്ച ശ്രീ പ്രേമകുമാരൻ നായരുടെയും, വീട്ടമ്മയായ ശ്രീലേഖയുടെയും രണ്ട് മക്കളിൽ ഇളയ ആൾ.

സ്കൂൾ / കോളേജ് പഠന കാലഘട്ടം സ്വദേശമായ തിരുവനന്തപുരത്ത്. ഹോളി ഏഞ്ചൽസ്, ക്രൈസ്റ്റ് നഗർ, സെന്റ്മേരീസ് എന്നിവിടങ്ങളിൽ ആയി പന്ത്രണ്ടാം തരം (+2) വരെ പഠനം . കേരള സർവകലാശാലയുടെ കാര്യവട്ടം കോളേജ് ഓഫ് എൻജിനീയറിങ് ക്യാമ്പസിൽ നിന്നും വിവര സാങ്കേതിക വിദ്യയിൽ ബിരുദം നേടി.

ബിരുദ പഠനത്തിനു ശേഷം കുറച്ചു നാൾ ഒരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിൽ അധ്യാപക ജോലി നോക്കുകയുണ്ടായി. 2016 ജൂണിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ വിജിനപുര ( കർണ്ണാടക ) ശാഖയിൽ ബാങ്കിംഗ് ജീവിതത്തിന് തുടക്കമിട്ടു. ചാമരാജ നഗർ, മാണ്ഡ്യ എന്നിവിടങ്ങളിൽ ജോലി നോക്കിയ ശേഷം 2023 ൽ സ്വദേശമായ തിരുവനന്തപുരത്തെ ആനയറ ശാഖയിലേക്ക് മാറ്റം ലഭിച്ചു. നിലവിൽ പാങ്ങോട് ശാഖ മാനേജരായി ജോലി നോക്കുന്നു.

ശ്രീ വെള്ളായണി അശോകൻ സാറിന്റെ കീഴിൽ മൂന്നാമത്തെ വയസ്സിൽ സംഗീത പഠനത്തിന് തുടക്കം കുറിച്ചു. തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് അധ്യാപിക ആയ ഡോ. പുഷ്പാ കൃഷ്ണൻ ആയിരുന്നു സംഗീത പഠനത്തിൽ അടുത്ത ഗുരു. ശ്രീ ആലപ്പി ശ്രീകുമാർ സാറിന്റെ കീഴിലായി തുടർ പഠനം. ഇതിനിടയ്ക്ക് ബാങ്കിൽ ജോലി ലഭിച്ചപ്പോൾ സംഗീത പഠനത്തിന് ഒരിടവേള വന്നു. പ്രിയ ഗുരുനാഥൻ ആലപ്പി ശ്രീകുമാർ സാറിന്റെ അപ്രതീക്ഷിത വിയോഗവും സംഗീത പഠനത്തിന്റെ ഇടവേളയ്ക്ക് മറ്റൊരു കാരണമായി . നിലവിൽ Voxguru എന്ന ഓൺലൈൻ മ്യൂസിക്കൽ പ്ലാറ്റ്ഫോമിൽ ശ്രേയസ് കുമാറിന്റെ കീഴിലും, Goalfoc

അക്കാദമിയിലെ സിജോയുടെ കീഴിലും സംഗീത പഠനം തുടരുന്നു.

ബാല്യത്തിൽ തന്നെ സംഗീത പഠനം തുടങ്ങിയതിനാൽ കലാ രംഗത്ത് തന്റേതായ ഒരു സ്ഥാനം നേടിയിരുന്നു. ക്ലാസ്സിക്കൽ / ലളിത സംഗീതം, പദ്യം ചൊല്ലൽ ഇവയിലൊക്കെ ജില്ലാ തലം വരെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. വെറുമൊരു ഗായകൻ മാത്രമല്ല അഭിലാഷ്, മറിച്ച് music കമ്പോസിങ്, സംഗീത സംവിധാനം , പക്കമേളം ( കീ ബോർഡ്, മൃദംഗം, ഗഞ്ചിറ എന്നിവയിലും) വിദഗ്ധനാണ്.

പിരപ്പൻകോട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന് വേണ്ടി എക്സൈസ് വകുപ്പിലെ എ. എസ്. ഐ ആയ പ്രസാദ് പിഷാരടി രചിച്ചു പ്രശസ്ത പിന്നണി ഗായകരായ മധു ബാലകൃഷ്ണൻ, ശ്രീകാന്ത് ഹരിഹരൻ, പ്രമീള എന്നിവർ ചേർന്നാലപിച്ച "തുളസീദളം" എന്ന ഭക്തി ഗാന ആൽബത്തിന് സംഗീതം നൽകി. ലഹരി വിരുദ്ധ പ്രചരണത്തിന്റെ ഭാഗമായി ( Say No to Drugs) കേരള എക്സൈസ് വകുപ്പുമായി സഹകരിച്ചു ചെയ്ത "ജീവിച്ചീടുക" എന്ന ഗാനം ഉൾപ്പടെ അഞ്ചിലധികം ഹ്രസ്വ ചിത്രങ്ങൾക്കും ( Am Sorry Ma, Insane, Blind Tips, Chullans etc), യൂ ട്യൂബിൽ മൂന്ന് വ്യക്തിഗത ഗാനങ്ങൾക്കും ( Elixir, അതിജീവനം, ജീവിച്ചീടുക ) സംഗീത സംവിധാനവും നിർവഹിച്ചു. കോവിഡ് എന്ന മഹാമാരിയുടെ സമയത്ത് റിലീസ് ചെയ്ത "അതിജീവനം" എന്ന ഗാനം കോവിഡ് ബോധവൽക്കരണത്തിനായി പല സംഘടനകളും ഉപയോഗിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ അഭിലാഷ് പറയുന്നു.

സംഗീത രംഗത്ത് ഗായകൻ എന്നതിലുപരി അഭിലാഷ് കൈ മുദ്ര ചാർത്തിയവ ഇവയൊക്കെ ആണ്.

സംഗീതത്തിൽ ഇഷ്ടപ്പെട്ട മേഖല ക്ലാസിക്കൽ ആണെങ്കിലും മറ്റു genre ഉള്ള സംഗീതം പഠിക്കുവാനും അതിൽ പരീക്ഷണങ്ങൾ നടത്തുവാനും താല്പര്യമുണ്ട്. കെ ജെ യേശുദാസിന്റെ കടുത്ത ആരാധകനാണെങ്കിലും രവീന്ദ്രൻ മാഷിന്റെ ഗാനങ്ങളോടാണ് കൂടുതൽ താല്പര്യം . എ ആർ റഹ്മാൻ , വിദ്യാസാഗർ മുതലായ സംഗീത സംവിധായകന്മാരുടെയും ആരാധകനാണ്.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഓഫീസേഴ്സ് അസോസിയേഷൻ നടത്തുന്ന "ദ്യുതി" കലാമത്സര രംഗത്ത് സ്ഥിരം സംഗീത സാന്നിധ്യമാണ് അഭിലാഷ്. യൂണിയൻ ബാങ്കിലെ തന്നെ സ്റ്റാഫ് റിക്രിയേഷൻ ക്ലബ് ആയ "പ്രകമ്പനം" ഇവയിലും അഭിലാഷ് തന്റെ സംഗീത സാന്നിധ്യം അറിയിച്ചിട്ടുണ്ട്. അത് പോലെ ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ "നക്ഷത്ര" എന്ന കലാമേളയിലും , അഭിലാഷ് തന്റെ സംഗീത സാന്നിധ്യം അറിയിക്കുകയും ഉണ്ടായി. നിലവിൽ വിവിധ ഇടങ്ങളിൽ ആയി ബാല്യം മുതൽ അഞ്ഞൂറോളം സ്റ്റേജ് ഷോകൾ പിന്നിട്ടിട്ടുണ്ട് ഈ യുവ ഗായകൻ.

ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം സോണൽ ഓഫീസിൽ അസിസ്റ്റന്റ് മാനേജർ ആയ ശ്രേയ എം.നായർ ആണ് അഭിലാഷിന്റെ ജീവിത പങ്കാളി. ആശ്രിയ , ആദ്‌വിക എന്നീ രണ്ട് പെൺകുഞ്ഞുങ്ങളാണ് ഈ ദമ്പതി കളുടെ സംഗീത വല്ലരിയിൽ ഉള്ളത്. സംഗീതമാണ് അഭിലാഷിന്റെ തട്ടകമെങ്കിൽ നൃത്തവും, ചിത്രരചനയുമാണ് ശ്രേയയുടെ ഹോബികൾ. ഇക്കഴിഞ്ഞ ആലപ്പുഴ മീറ്റിൽ ശ്രേയ തന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. അഭിലാഷിനെ പോലെ തന്നെ ഒരു മികച്ച ഗായിക ആണ് മൂത്ത മകൾ റിയ കുട്ടി എന്ന ആശ്രിയയും.

അഭിലാഷിന്റെ പിതാവ് ശ്രീ പ്രേമകുമാരൻ നായർ, പാപ്പനംകോട് മണി എന്ന പ്രശസ്ത കലാകാരന്റെ കലാസമിതിയിൽ ഒട്ടേറെ വേദികളിൽ പങ്കെടുത്തിട്ടുണ്ട്. അച്ഛൻ നടനാണെങ്കിൽ അമ്മ നല്ലൊരു ഗായികയാണ്. ആയുർവേദ ഡോക്ടർ ആയ ഏക സഹോദരി അശ്വതിയും മികച്ചൊരു ഗായികയും നർത്തകിയുമാണ്.

ടാലന്റഡ് ബാങ്കേഴ്സ് ലേക്ക് ഉള്ള വരവ് നമ്മുടെ മുൻകാല ദളം ആയ അഞ്ജിത്ത് വഴി ആയിരുന്നു.

കണക്കിന്റെ ലോകത്താണ് ജീവിതമെങ്കിലും, ഭാവിയിൽ ഒരു ചലച്ചിത്ര പിന്നണി ഗായകനും സംഗീത സംവിധായകനും ആകണം എന്നുമാണ് അഭിലാഷങ്ങൾ. മേൽപ്പറഞ്ഞ ജീവിതാഭിലാഷങ്ങൾ സാർത്ഥകമാകുവാൻ ടാലന്റഡ് ബാങ്കേഴ്സ് കുടുംബങ്ങളുടെ ആശംസകൾ.

---

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, തിരുവനന്തപുരം

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

---

The Venue is the recent Talented Bankers -Thiruvananthapuram Chapter Meet where a young banker's mesmerizing voice captivated the audience with the beautiful song "Sumoohurtamai" composed by Ravindran Mash to the lyrics of Kaithapram. The same person has won everyone's hearts at the Alappuzha Mega Meet through the song "Hari Muraleeravam" composed by Ravindran Mash to the lyrics of Girish Puthenchery. The young banker, who has music in his heart and who is a Gaana gandharvan who melts the listeners with the mesmerising voice of his songs, is the proud Talented Banker of this

week.

Abhilash S P
Union Bank of India
Pangode, Thiruvananthapuram.

The younger of the two children of Sree Premakumaran Nair, who was retired from the Live Stock Department, and Sreelekha, a housewife.

He has done his school and college studies in his native, Thiruvananthapuram. He has studied in Holy Angels, Christ Nagar and St. Mary's up to his plus two. He has completed his graduation in Information Technology from College of Engineering, Karyavattom Campus, University of Kerala.

After completing his graduation, he worked as a teacher in a private educational institution for some time. In June 2016, he started his banking career at the Vijinapura (Karnataka) branch of Union Bank of India. After working in Chamaraja Nagar and Mandya, he was transferred to the Anayara branch in his native place, Thiruvananthapuram in 2023. He is currently working as the Branch manager of Pangode branch.

He started his music studies at a very young age of three under Mr. Vellayani Ashokan Sir. He continued his studies under Dr. Pushpa Krishnan, a noted music teacher at the Thiruvananthapuram Govt. Women's College and then under Mr. Alleppy Sreekumar Sir. His music studies took a break when he joined bank. The unexpected demise of his beloved teacher, Alleppy Sreekumar Sir, was another reason for the break in his music studies. Currently, he is continuing his music studies under Shreyas Kumar on the online musical platform Voxguru and under Sijo at Goalfoc Academy.

Since he started studying music at a very young age, he has earned a place of his own in the field of art. He has participated in classical/light music and Recitation up to the district level and won prizes. Abhilash is not only a singer, but also an expert in music composing, music direction, and pakka melam (key board, mridangam, and ganjira).

Abhilash composed the music for The devotional song album named "Thulaseedhalam" written by Prasad Pisharody, ASI of the Excise Department and sung by famous playback singers Madhu Balakrishnan, Srikanth Hariharan and Prameela for Sree Krishna Swamy temple in Pirappancode. He has also composed the music for more than five short films (Am Sorry Ma, Insane, Blind Tips, Chullans etc) and three individual songs on YouTube (Elixir, Athijeevanam, Jeeveeeduka) including the song "Jeeveeeduka" which was a collaboration with the Kerala Excise Department as part of the anti-drug campaign (Say No to Drugs). Abhilash proudly says that the song "Athijeevanam", released during the

Covid pandemic, has been used by many organizations for Covid awareness.

These are the things that Abhilash has made his mark in the music industry, apart from being a singer.

Although his favorite field in music is classical, he is interested in learning and experimenting with other genres of music. Even though he is a big fan of KJ Yesudas, he is more interested in the songs of Ravindran Mash. He is also a fan of music directors like AR Rahman and Vidyasagar.

Abhilash is a regular musical presence in the "Dyuthi" art competition organized by the Union Bank of India Officers Association. Abhilash has also made his musical presence known in "Prakambanam", the staff recreation club of Union Bank. Similarly, Abhilash has also participated in the "Nakshatra" art festival organized by the Bank of India Officers Association. Currently, this young singer has completed around five hundred stage shows since childhood in various places.

Abhilash's life partner is Shreya M Nair, who is working as an assistant manager at the Thiruvananthapuram Zonal office of Bank of India. The couple has two daughters, Ashriya and Aadvika, who are musically inclined. While Abhilash is into music, Shreya's hobbies are dancing and painting. Shreya had exhibited her paintings at the recent Alappuzha Talented Bankers meet. Like Abhilash, her elder daughter, Riya Kutty alias Ashriya, is also a great singer.

Abhilash's father, Sri Premakumaran Nair, has participated in many events in the art society of a famous artist named Pappanamcode Mani. While his father is an actor, his mother is a good singer. His only sister, Aswathy, who is an Ayurvedic doctor, is also a great singer and dancer.

The entry to Talented Bankers was through our former TB of the week Mr.Anjith.

His ambitions are to become a film playback singer and music director in the future. Talented Bankers family wishes Abhilash the best for these life aspirations to come true.